TUESDAY 05-04-2022 ചൊവ്വാഴ്ച



# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development & Farmer's Welfare Department**

**Government of Kerala**

Chief Editor : Sunilkumar R Editor : Dr Asha T T

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-05/04/2022.

1. കേരള കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ "എല്ലാരും കൃഷിയിലേക്ക്" എന്ന പരിപാടിയുടെ ഭാഗമായി, ഒല്ലൂർ കൃഷി സമൃദ്ധിയുടെ ആഭിമുഖ്യത്തിൽ, കേരള കാർഷിക സർവകലാശാല, ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്ത് എന്നിവയുടെ സഹകരണത്തോടെ ഈ മാസം 13,14 (ഏപ്രിൽ 13,14) തീയതികളിൽ മണ്ണുത്തി വെറ്ററിനറി കോളേജ് ഗ്രൌണ്ടിൽ വച്ച് "**കാർഷിക സംരംഭകത്വ മേള**" നടത്തുന്നു. എല്ലാവരേയും കൃഷിയിലേക്ക് ആകർഷിക്കുന്നതിനും കാർഷിക മേഖലയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനും ഉദ്ദേശിച്ച് സംഘടിപ്പിക്കുന്ന ഈ മേളയിൽ, കാർഷിക സർവകലാശാല, വെറ്റിനറി സർവകലാശാല, ഡയറി സയൻസ് കോളേജ് തുടങ്ങിയ സ്ഥാപനങ്ങളുടേയും കുടുംബശ്രി, സഹകരണ സംഘങ്ങൾ, അഗ്രോ സർവീസ് സെന്ററുകൾ എന്നീ പ്രസ്ഥാനങ്ങളുടേയും കാർഷിക മേഖലയിൽ വിജയം കൈവരിച്ച സംരംഭകരുടേയും പ്രദർശന വിപണന സ്റ്റാളുകൾ ഉണ്ടായിരിക്കും. ഒപ്പം തന്നെ കാർഷിക മേഖലയിൽ ആരംഭിക്കാവുന്ന വിവിധ സംരംഭങ്ങൾ, ലഭ്യമായ വായ്പ ധനസഹായങ്ങൾ, ആവശ്യമായ ലൈസൻസുകൾ എന്നിവയെ കുറിച്ച് അറിവ് പകരുന്ന സെമിനാറുകളും സംഘടിപ്പിക്കുന്നു. മേളയോടനുബന്ധിച്ച് പാചക മത്സരം, വിവിധ കാർഷിക മത്സരങ്ങൾ, വിദ്യാർത്ഥികൾക്ക് ചിത്ര രചനാ മത്സരങ്ങൾ, കലാപരിപാടികൾ എന്നിവയും ഉണ്ടായിരിക്കും.

2. കേന്ദ്ര കർഷക സഹായ പദ്ധതിയായ **പിഎം കുസും കോംപോണേന്റ് ബി** യുടെ രജിസ്ട്രേഷൻ ജില്ലാ ഓഫീസുകൾ മുഖേന നടത്താവുന്നതാണ്. ഈ പദ്ധതി പ്രകാരം വൈദ്യുതേതര കാർഷിക പമ്പുകളെ സോളാർ പമ്പുകളാക്കി മാറ്റി ഇന്ധനവില ലാഭിക്കാൻ കർഷകർക്ക് സാധിക്കുന്നു. ഈ പദ്ധതിയിൽ കർഷകർ സ്ഥാപിക്കുന്ന പമ്പുകൾക്ക് 60 ശതമാനം (കേന്ദ്ര-സംസ്ഥാന സബ്സിഡി) വരെ ആനുകൂല്യം നൽകുന്നുണ്ട്. വൈദ്യുതേതര പമ്പുകൾ ഉപയോഗിക്കുന്ന എല്ലാ കർഷകർക്കും ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതാണ്. വിശദവിവരങ്ങൾക്ക് അനെർട്ടിന്റെ ജില്ലാ ഓഫീസുമായി ബന്ധപ്പെടുക. കൂടാതെ പി.എം കുസും കോംപോണേന്റ് സി പ്രകാരം കാർഷിക കണക്ഷനോടു കൂടിയ പമ്പുകൾ സൗരോർജ്ജവൽക്കരിക്കുന്നു. ഇതിൽ കർഷകന്റെ വൈദ്യുത ബില്ല് കുറച്ചുകൊണ്ടു വരുകയും

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

അധിക വൈദ്യുതി ഉത്പാദിപ്പിക്കുന്നത് ഗ്രിഡിലേക്കു നൽകി പൈസ ലഭിക്കുകയും ചെയ്യും. പമ്പുകൾ സൗരോർജ്ജവൽക്കരിക്കുന്നതിനും 60 ശതമാനം (കേന്ദ്ര-സംസ്ഥാന സബ്സിഡി) വരെ ആനുകൂല്യം ലഭിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **9188119401** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

3. മേലെ പട്ടാമ്പി തെക്കുമുറിയിൽ പ്രവർത്തിക്കുന്ന പാലക്കാട് ജില്ലാ കൃഷി വിജ്ഞാന കേന്ദ്രത്തിൽ നിന്നും ഒരു മാസം പ്രായമായ ആൺപെൺ തിരിയാത്ത ഗ്രാമശ്രീ ഇനത്തിൽപ്പെട്ട കോഴിക്കുഞ്ഞുങ്ങൾ ഒന്നിന് 100 രൂപ നിരക്കിൽ ഈ മാസം 12-ന് (ഏപ്രിൽ 12) കാലത്ത് 10 മണി മുതൽ വിൽപ്പന നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് **0466–2212279, 6282937809, 0466–2912008** എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

4. പൊതുവിപണിയിൽ കോഴിയിറച്ചിയുടേയും ഇറച്ചി ഉത്പന്നങ്ങളുടേയും വില ക്രമാതീതമായി ഉയർന്ന് കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ വില നിയന്ത്രിച്ചു നിർത്തുന്നതിന് സർക്കാർ ഇടപെടുന്നതിന്റെ ഭാഗമായി സർക്കാർ സംരംഭമായ കെപ്കോയുടെ ഉത്പന്നങ്ങളായ കെപ്കോ ചിക്കൻ, അനുബന്ധ ഇറച്ചി ഉത്പന്നങ്ങൾ എന്നിവയുടെ വില നിലവിലുള്ളതിനേക്കാൾ 10 രൂപ വീതം കുറച്ചിരിക്കുന്നതായി മാനേജിംഗ് ഡയറക്ടർ അറിയിച്ചു.

5. ആലപ്പുഴ ജില്ലയിലെ പട്ടണക്കാട്, കഞ്ഞിക്കുഴി, ആര്യാട്, അമ്പലപ്പുഴ, ചമ്പക്കുളം, ഭരണിക്കാവ്, ഹരിപ്പാട്, വെളിയനാട് എന്നീ ബ്ലോക്ക് പഞ്ചായത്തുകളിൽ **അടിയന്തിര രാത്രി കാല വെറ്ററിനറി സേവനം** പദ്ധതി നടപ്പിലാക്കുന്നതിനായി കരാറടിസ്ഥാനത്തിൽ പൂർണ്ണമായും താൽക്കാലികമായി വെറ്ററിനറി സർജന്മാരെ തിരഞ്ഞെടുക്കുന്നു. കേരള സ്റ്റേറ്റ് വെറ്ററിനറി കൗൺസിലിൽ രജിസ്ട്രേഷൻ നേടിയിട്ടുള്ള വെറ്ററിനറി ബിരുദധാരികൾക്ക് ഈ മാസം 13 നു (ഏപ്രിൽ 13) രാവിലെ 11 മണിയ്ക്ക് ആലപ്പുഴ ജില്ലാ മൃഗസംരക്ഷണ ഓഫീസിൽ വച്ച് നടത്തുന്ന വാക്ക് ഇൻ ഇന്റർവ്യൂവിന് പങ്കെടുക്കാവുന്നതാണ്. യുവ വെറ്ററിനറി ബിരുദധാരികളുടെ അഭാവത്തിൽ റിട്ടയേർഡ് ഡോക്ടർമാരേയും പരിഗണിയ്ക്കുന്നതാണ്. വെറ്ററിനറി സയൻസിലെ ബിരുദം, കേരള സ്റ്റേറ്റ് വെറ്ററിനറി കൗൺസിൽ രജിസ്ട്രേഷൻ എന്നീ അവശ്യ യോഗ്യതകളോടൊപ്പം ഗൈനക്കോളജി (Clinical Obstetrics & Gynacology), ക്ലിനിക്കൽ മെഡിസിൻ (Clinical Medicine), സർജറി (Surgery) എന്നിവയിൽ ബിരുദാനന്തര ബിരുദം അഭിലഷണീയ

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

യോഗ്യതയായി കണക്കാക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **0477–2252431** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

**പരിശീലന പരിപാടികൾ**

6. കുടപ്പനക്കുന്ന് ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിംഗ് സെന്ററിൽ നാളെയും മറ്റന്നാളുമായി (ഏപ്രിൽ മാസം 6, 7) **പശുവളർത്തൽ** എന്ന വിഷയത്തിൽ സൗജന്യപരിശീലനം നടത്തുന്നു. താൽപ്പര്യമുള്ളവർ **0471 – 2732918** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

7. ഓച്ചിറ ക്ഷീരോത്പന്ന നിർമ്മാണ പരിശീലന വികസന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഇന്ന് (ഏപ്രിൽ 5) രാവിലെ 11 മണി മുതൽ **മൂല്യവർദ്ധിത പാലുത്പന്നങ്ങൾ ആരോഗ്യത്തിനും ആദായത്തിനും** എന്ന വിഷയത്തിൽ ഗൂഗിൾ മീറ്റ് മുഖേന ഓൺലൈൻ പരിശീലനം നടത്തുന്നു. xqw-jqat-weh എന്നതാണ് ഗൂഗിൾമീറ്റ് ലിങ്ക്.

**കാർഷിക നിർദ്ദേശങ്ങൾ**

8. ഒന്നാം വിളയ്ക്ക് നടീൽ നടത്തുന്ന സ്ഥലങ്ങളിൽ ഈ സമയത്ത് ഡെയിഞ്ച പോലുള്ള പച്ചിലവളച്ചെടികളുടെ വിത്ത് ഹെക്ടറിന് 20 കിലോഗ്രാം എന്ന തോതിൽ വിതയ്ക്കുന്നത് നല്ലതാണ്. ഇതുകൊണ്ട് 10 ടണ്ണോളം ജൈവവളം ഒരു ഹെക്ടറിന് ലഭിക്കുന്നതു വഴി രാസവളങ്ങളുടെ അളവ് 50 ശതമാനത്തോളം കുറയ്ക്കാൻ സാധിയ്ക്കും. ഇതിനോടൊപ്പം നിലം നല്ലതുപോലെ ഉഴുത് നിരപ്പാക്കുന്നത് കളകളെ നിയന്ത്രിക്കാനും ജലത്തിന്റെയും പോഷകമൂലകങ്ങളുടെയും ഉപയോഗക്ഷമത വർദ്ധിപ്പിക്കുന്നതിനും ഉപകരിക്കും.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം